# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

# 2025-2026

## വി.വി.എം.ജി.എൽ.പി.എസ്

## വേങ്ങ

## ചവറ ഉപജില്ല

# PROFILE

| | | |
|---|---|---|
| NAME OF SCHOOL | : | VVMGLPS VENGA |
| NAME OF REVANUE VILLAGE | : | MYNAGAPPALLY |
| NAME OF CLUSTER | : | CRC, MYNAGAPPALLY |
| NAME OF PANCHAYATH | : | MYNAGAPPALLY |
| NAME OF BLOCK | : | SASTHAMCOTTA |
| NAME OF DISTRICT | : | KOLLAM |
| NAME OF AEO | : | ANITHA T. K |
| NAME OF BPO | : | KISHOR K KOCHAYYAM |
| NAME OF HEADMISTRESS | : | SHAINY JOHN |
| NAME OF SMC CHAIRMAN | : | RAJESH R |
| SCHOOL MAIL ID | : | glpsvenga@gmail.com |
| YOUTUBE CHANNEL | : | VVMGLPSVENGAI |
| SCHOOL VIKI | : | @vvmglps vengai3710 |

# ഉള്ളടക്കം


പേജ്

ആമുഖം........................................................................ 1

കാഴ്ചപ്പാട്........................................................................ 2-3

ചരിത്രം........................................................................ 4

ലക്ഷ്യങ്ങൾ........................................................................ 5

പദ്ധതി രൂപീകരണം........................................................................ 6

അവസ്ഥാ വിശകലനം........................................................................ 7-8

മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ........................................ 9

പദ്ധതി വിശദാംശങ്ങൾ........................................................................ 10-17

പ്രതീക്ഷിത നേട്ടങ്ങൾ........................................................................ 18

ഉപസംഹാരം........................................................................ 19

## ആമുഖം

1930 ൽ പ്രവർത്തനം തുടങ്ങിയ ഈ സരസ്വതീ ക്ഷേത്രം ഇന്ന് പുരോഗതിയുടെ പാതയിലാണ്.

SSK യുടെ പാഠ്യപദ്ധതി അനുസരിച്ച് പഠന പ്രവർത്തനങ്ങളിൽ മാറ്റം വരുത്തി നടപ്പിലാക്കാനും പാഠ്യേതര വിഷയങ്ങളിലും പരിശീലനം നൽകി സർഗാത്മക കഴിവുകൾ വികസിപ്പിക്കാനും ഈ സ്കൂളിലെ അധ്യാപകരും HM ഏറെ അധ്വാനിച്ചുവരുന്നു. സമൂഹത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച ധാരാളം പേർ ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളായിട്ടുണ്ട്. കൂലിപ്പണി ചെയ്യുന്ന സാധാരണക്കാരായ രക്ഷിതാക്കളുടെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്.

സ്കൂളിൽ നിലവിലുള്ള ഹാജർ പ്രീ പ്രൈമറി ഉൾപ്പെടെ 93 ആക്കി മെച്ചപ്പെടുത്തുവാൻ നിരവധി പ്രവർത്തനങ്ങൾക്ക് SMC രൂപം കൊടുത്തു. ഒഴിവുസമയങ്ങളിലും അവധി ദിവസങ്ങളിലും ക്ലാസ്, പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നിരന്തരം പരിശീലനം, പുറത്തുള്ള പ്രശസ്തരായ വ്യക്തികളെ സ്കൂളിൽ ക്ഷണിച്ച് ബോധവത്ക്കരണ ക്ലാസ് എന്നിവ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. ശിശു സൗഹൃദപരവും പരിസ്ഥിതി സൗഹൃദപരവുമായി സ്കൂളിലെ മാറ്റാനായി മാതൃസംഗമങ്ങൾ, വിദ്യാലയ വികസന സമിതി എന്നിവ സംഘടിപ്പിച്ചു.

നിലവിലുള്ള ഭൗതീക സാഹചര്യങ്ങൾ അപര്യാപ്തമാണ്. കളിസ്ഥലം, പുസ്തക സമാഹരണം, ക്ലാസ്റൂം ഉപകരണങ്ങൾ എന്നിവയുടെ അഭാവം പരിഹരിക്കാൻ പൊതുജനങ്ങളെ നേരിൽ കണ്ട് വേണ്ട സാമ്പത്തിക സഹായം അഭ്യർത്ഥിച്ചുവരികയാണ്. പരിസ്ഥിതി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പരിസര ശുചീകരണം, വൃക്ഷത്തൈ നടീൽ, മാതൃകാ കൃഷിത്തോട്ട നിർമ്മാണം എന്നിവയ്ക്കു രൂപം നൽകി.

## പൊതുവിദ്യാഭ്യാസം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

ഭാഷ

- ലൈബ്രറി വികസനം (ക്ലാസ്തലം & സ്കൂൾതലം)
- വായനയെ പ്രോത്സാഹിപ്പിക്കൽ
- പുസ്തക പ്രദർശനം
- പുസ്തക പരിചയം
- പിറന്നാൾ പുസ്തകം
- വായിച്ചഭാഗങ്ങൾ പുനരാവിഷ്ക്കരിക്കൽ
- സാഹിത്യകാരന്മാരുടെ ചരിത്രം/ ഫോട്ടോസ് ശേഖരിക്കൽ
- മരച്ചുവട്ടിൽ വായന
- സർഗ്ഗാത്മക രചനകൾ (കുട്ടികളുടെ കഥകൾ, കവിതകൾ, പതിപ്പുകൾ)
- അമ്മ വായന
- അമ്മ രചനകൾ
- സാഹിത്യകാരന്മാരുടെ ജന്മദിനം/ചരമദിനം ആചരിക്കൽ
- കവിയരങ്ങ്
- ശില്പശാലകൾ (കഥ, കവിത, നാടകം, ചിത്രം)
- ദിനാചരണങ്ങൾ

പരിസരപഠനം

- ജൈവവൈവിധ്യ ഉദ്യാനം
- ഔഷധത്തോട്ട നിർമ്മാണം
- ഫീൽഡ് ട്രിപ്പ്
- പഠനയാത്രകൾ
- ജില്ലയെ / പഞ്ചായത്തിനെ അറിയൽ
- കർഷകനെ ആദരിക്കൽ
- കർഷകരുമായി അഭിമുഖം
- ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, പ്ലാസ്റ്റിക് വിമുക്ത ഗ്രാമം
- ഫോട്ടോ ഗ്യാലറി, ചരിത്ര-സാംസ്കാരിക നായകന്മാർ, ജില്ലകൾ-സംസ്ഥാനങ്ങൾ (ചിത്രങ്ങളും- മാതൃകകൾ)
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം

| | |
|---|---|
| English | - English Assembly |
| | - Readers Theatre |
| | - Diary Writing |
| | - Class Library |
| | - Reading Meterials |
| | - Simple Reading Texts |
| | - News Paper |
| | - English texts/ English Theatre |
| | - Magazines - Simple Writing |
| ഗണിതം | - പസിലുകൾ, ക്വിസ് മത്സരം |
| | - ഗണിത ശാസ്ത്രജ്ഞന്മാരുടെ ചരിത്രം |
| | - ചരിത്രം ശേഖരിക്കൽ |
| | - മാഗസിൻ |
| | - Tangram |
| | - Pattern |
| | - Models (Working & Still) |
| | - അളവുതൂക്ക ഉപകരണങ്ങളുടെ നിർമ്മാണം |
| പ്രവൃത്തി പരിചയം | - കരകൗശല വസ്തുക്കളുടെ നിർമ്മാണം |
| | - ശില്പശാല |
| | - വേയ്സ്റ്റ് മെറ്റീരിയൽസ് കൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം |
| | - കുട നിർമ്മാണം |
| | - കയർ ഉത്പന്നങ്ങളുടെ നിർമ്മാണം |
| Sports & Games | - യോഗ പരിശീലനം |
| | - സൂംബ പരിശീലനം |

# വിദ്യാലയ ചരിത്രം

1930 ൽ കുറ്റിയിൽ മൈതീൻകുഞ്ഞ് അവർകൾ ആണ് വി.വി.എം.ജി.എൽ.പി.എസ് സ്ഥാപിച്ചത്. വിദ്യാഭിവർദ്ധിനി മുസ്ലീം ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ എന്നാണ് മുഴുവൻ പേര്. 1944 ൽ സർക്കാരിന് വിട്ടു നൽകി. മൈനാഗപ്പള്ളി, വേങ്ങ (ICS) ജംഗ്ഷനിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. എൽ.കെ.ജി, യു.കെ.ജി ഉൾപ്പെടെ ഒന്നു മുതൽ നാലാം ക്ലാസ്സുവരെയുള്ള കുട്ടികളാണ് ഇവിടെ പഠിക്കുന്നത്.

മുസ്ലീം വിദ്യാർത്ഥികളാണ് ഈ വിദ്യാലയത്തിൽ കൂടുതലായി പഠിക്കുന്നത്. ഈ സ്കൂളിൽ നിന്നും പഠനം കഴിഞ്ഞ് പോയവരിൽ നിരവധി പേർ രാഷ്ട്രീയ സാംസ്കാരിക പ്രവർത്തകരും ഉന്നത പദവികളിൽ ജോലി ചെയ്യുന്നവരും ഉണ്ട്.

# ലക്ഷ്യങ്ങൾ

**എന്റെ വിദ്യാലയം**

* ഹൈടെക് ആക്കണം
* എല്ലാ കുട്ടികൾക്കും എഴുത്തും വായനയും ചതുഷ്ക്രിയകളും അറിയണം.
* ശാസ്ത്ര ഗണിത ശാസ്ത്രവിഷയങ്ങളിൽ അഭിരുചി വളരണം
* പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളെ മുൻനിരയിലെത്തിക്കണം.
* ലൈബ്രറി, സിഡി ലൈബ്രറി എന്നിവ വേണം
* കമ്പ്യൂട്ടർ ലാബ് വേണം
* ടാലന്റ് ലാബ്
* ശാസ്ത്ര ലാബ്
* ജൈവ വൈവിധ്യ ഉദ്യാനം
* കുടിവെള്ള സംവിധാനം
* ആധുനിക സൗകര്യങ്ങളുള്ള ഡൈനിംഗ് ഹാൾ
* ഡിജിറ്റൽ ക്ലാസ്സ് റൂം
* കലാ-കായിക, പ്രവൃത്തി പരിചയ പരിശീലകരുടെ സേവനം
* ഓഡിറ്റോറിയം
* കലാ-കായിക രംഗങ്ങളിൽ ഓരോ കുട്ടിയും അഭിരുചിക്കനുസരിച്ച് ദേശീയ, അന്തർദേശീയ തലങ്ങളിൽ മികവുതെളിയിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* പഠനപ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കാൻ കഴിയുന്ന ക്ലബ്ബ് പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, ആഘോഷങ്ങൾ, ചരിത്രാന്വേഷണ, പ്രാദേശീയ വിഭവ ഭൂപടം രൂപീകരിക്കൽ എന്നിവയ്ക്കുള്ള പ്രോജക്ടുകൾ ഓരോ വിഷയത്തിലും (അനുയോജ്യമായവ)

## പദ്ധതി രൂപീകരണ പ്രക്രിയ

**I ഫലവൃക്ഷ - ഔഷധത്തോട്ട നിർമ്മാണം:-**

സഹകരണ വകുപ്പ് വിദ്യാഭ്യാസ വകുപ്പ് ആയുഷ് വകുപ്പ് സംയുക്തമായി ജൂൺ 5 പരിസ്ഥിതി ദിനത്തിന് 15 ഫലവൃക്ഷതൈകളും 12 ഔഷധസസ്യങ്ങളും സ്കൂൾ അങ്കണത്തിൽ ബഹു: കുന്നത്തൂർ എം.എൽ.എ ശ്രീ.കോവൂർ കുഞ്ഞുമോൻ നിർവ്വഹിച്ചു. 3, 4 ക്ലാസിലെ കുട്ടികൾക്ക് വൃക്ഷതൈകൾ സംരക്ഷിക്കുന്നതിനുള്ള ചുമതല നൽകി.

**II ലൈബ്രറി വികസനം:-**

സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറിയും വിപുലമാക്കാൻ തീരുമാനിച്ചു. പുസ്തക വിതരണം, വായന കുറിപ്പ് ശേഖരിക്കൽ, വായന മത്സരം, പുസ്തകപരിചയം, പുസ്തക പ്രദർശനം, പുസ്തക കൂട്, പിറന്നാളിനൊരു പുസ്തകം എന്നീ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

**III പൊതുവിജ്ഞാന ക്വിസ് :-**

2,3,4 ക്ലാസിലെ കുട്ടികൾക്ക് ദിവസം 10 പൊതുവിജ്ഞാന ചോദ്യോത്തരങ്ങൾ നൽകുകയും മാസാവസാനം അതിന്റെ ക്വിസ് നടത്തുകയും വിജയികൾക്ക് സമ്മാനം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## നിലവിലുള്ള അവസ്ഥാ വിശകലനം (ഭൗതികം, അക്കാദമികം)

## പരിമിതികൾ നേട്ടങ്ങൾ

| നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|
| * വായന പരിപോഷണം<br>* ലൈബ്രറി ശാക്തീകരണം<br>* ഫലവൃക്ഷ ഔഷധത്തോട്ടം<br>* പഠനയാത്രകൾ<br>* കലാ-കായിക മേള<br>* ക്ലാസ് പി.ടി.എ<br>* ഒന്നാം ക്ലാസ് ഒന്നാം തരം<br>* SRG ശാക്തീകരണം<br>* ടേം മൂല്യനിർണയം നിരന്തരം വിലയിരുത്തൽ<br>* ദിനാചരണം<br>* 90% കുട്ടികൾക്ക് എഴുത്തും വായനയും<br>* മലയാളം, ഇംഗ്ലീഷ്, ഗണിതം ഇവയിൽ അടിസ്ഥാന ശേഷി വികാസം<br>* തേൻ മലയാളം (മലയാള ഭാഷാശേഷി വികസനത്തിനുള്ള പദ്ധതി)<br>* പച്ചക്കറിത്തോട്ടം | * ഭാഷാശേഷി വികസനം<br>* ഗണിതശേഷി വികസനം<br>* ഇംഗ്ലീഷ് പഠന പരിപോഷണം<br>* വായനാ പരിപോഷണം<br>* വൈറ്റ് ബോർഡ്<br>* പ്രതിഭാ പോഷണം<br>* നാടക കളരി<br>* സാഹിത്യ പോഷണപരിപാടി<br>* സെമിനാറുകൾ<br>* പ്രവൃത്തി പരിചയ പഠനം<br>* പോഷകാഹാര പരിപാടി<br>* ഗണിതലാബ്/ഗണിത അന്തരീക്ഷം ഒരുക്കൽ<br>* മുഴുവൻ കുട്ടികളേയും എഴുത്തിലും വായനയിലും എത്തിക്കേണ്ടതുണ്ട്.<br>* കായിക പഠനം |

## ഭൗതികം

| നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|
| * ചുറ്റുമതിൽ | * ചിൽഡ്രൻസ് പാർക്ക് |
| * ഗേറ്റ് | * കളിസ്ഥലം |
| * ക്ലാസ്സ് മുറികൾ | * സ്റ്റാഫ് മുറി |
| * ഓഫീസ് മുറി | * വിശ്രമ മുറി |
| * ലാപ്ടോപ്പ് | * കമ്പ്യൂട്ടർ മുറി |
| * പ്രൊജക്ടർ | * മൾട്ടീമീഡിയ ക്ലാസ് റൂം |
| * ടി.വി | * സ്കൂൾ കെട്ടിടം |
| | * ലൈബ്രറി |
| | * ഡൈനിംഗ് ഹാൾ |
| | * അസംബ്ലി ഹാൾ |
| | * കുടിവെള്ള വിതരണം |
| | * മാലിന്യ സംസ്കരണം |
| | * ലബോറട്ടറി |

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

### അക്കാദമികം

* ഇംഗ്ലീഷ് പഠന പരിപോഷണം
* ഭാഷാശേഷി വികസനം
* ഗണിതശേഷി വികസനം
* ലൈബ്രറി ശാക്തീകരണം
* ഐ.ടി പരിശീലനം
* പ്രതിഭാ പോഷണ പരിപാടി
* സാഹിത്യ പോഷണ പരിപാടി
* സെമിനാറുകൾ
* ശാസ്ത്രാഭിരുചി വളർത്തൽ
* രചനാ ശില്പശാല
* അഭിമുഖം
* പാവനാടകം
* ദിനാചരണം
* കായിക പഠനം
* CWSN കുട്ടികളെ നേർധാരയിൽ എത്തിക്കുക

### ഭൗതികം

* ചിൽഡ്രൻസ് പാർക്ക്
* സ്റ്റാഫ് റൂം
* വിശ്രമമുറി
* മൾട്ടിമീഡിയ റൂം
* ലൈബ്രറി
* ഡൈനിംഗ് ഹാൾ
* അസംബ്ലി ഹാൾ
* കുടിവെള്ള വിതരണം
* മാലിന്യ സംസ്കരണം
* ടോയ്‌ലെറ്റ്

### സാമൂഹികം

* PTA ശക്തിപ്പെടുത്തൽ
* SMC കാര്യക്ഷമമാക്കൽ
* വിദ്യാലയ വികസന സമിതി
* പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ശാക്തീകരണം
* ഗ്രന്ഥശാലകൾ
* ക്ലബ്ബുകൾ, സന്നദ്ദ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, പൂർവ്വ അധ്യാപകർ
* സഹകരണ സ്ഥാപനങ്ങൾ, ബാങ്ക് എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ
* C PTA ശക്തിപ്പെടുത്തൽ
* വിദ്യാലയ മികവുകൾ
* പൊതു സമൂഹവുമായി പങ്കിടൽ
* വിദ്യാലയവിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ

## അക്കാദമികം : ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * എല്ലാ കുട്ടികളേയും എഴുത്തിലും വായനയിലും എത്തിക്കുക. | * പഠനനില കണ്ടെത്തൽ (Pre test നടത്തി) വിശകലനം ചെയ്യുന്നു.<br>പരിമിതികൾ / മികവുകൾ<br>* പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ജൂൺ - ജൂലൈ | SRG കൺവീനർ<br>ക്ലാസ് ടീച്ചർ | 1000/-<br>5000/- |
| | * അസംബ്ലിയിൽ വായിച്ച് പുസ്തകങ്ങൾ പരിചയപ്പെടുത്തൽ<br>കഥകൾ/ കവിതകൾ അവതരിപ്പിക്കൽ<br>പത്രവായന<br>ഡയറി എഴുത്ത്<br>സ്വന്തം രചനകൾ അവതരണം<br>* സർഗാത്മക രചന<br>* തേൻ മലയാളം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും ഉള്ള ശേഷി വികസിപ്പിക്കൽ | 1. പഠനനില കണ്ടെത്തൽ പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ - മാർച്ച് | ഇംഗ്ലീഷ് ടീച്ചർ<br>SRG | 500/- |
| | 2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ ശേഖരിക്കൽ | ജൂൺ - മാർച്ച് | ഇംഗ്ലീഷ് ടീച്ചർ<br>പ്രഥന അധ്യാപിക<br>SRG | |
| | 3. ഇംഗ്ലീഷ് അസംബ്ലി<br>4. ഇംഗ്ലീഷ് ഡയറിക്കുറിപ്പ്<br>5. ഇംഗ്ലീഷ് തിയേറ്റർ<br>6. പതിപ്പുകൾ, മാഗസീനുകൾ<br>7. രചനാ ശില്പശാല<br>8. Collection of riddles and rhymes<br>9. Road show<br>10. Skit<br>11. Choreography | | ക്ലാസ് ടീച്ചർ<br><br>ഇംഗ്ലീഷ് ടീച്ചർ<br>പി.ടി.എ | 2000/- |

**മേഖല : അക്കാദമികം** ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| * എല്ലാ കുട്ടികളേയും ചതുഷ്ക്രിയകൾ ചെയ്യാൻ പ്രാപ്തരാക്കുക.<br>* ദൈനംദിന ജീവിതത്തിൽ നേരിടുന്ന ഗണിത പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | * പഠനനില കണ്ടെത്തൽ (പ്രീ-ടെസ്റ്റ്) മികവുകളും പരിമിതികളും കണ്ടെത്തുന്നു<br>* പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനപാക്കേജ് തയ്യാറാക്കൽ/ ശേഖരിക്കൽ<br>* ഗണിതപസിൽ, പാറ്റേണുകൾ ശേഖരിക്കൽ<br>* മാഗസിൻ തയ്യാറാക്കൽ<br>* ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങളും ജീവചരിത്രങ്ങളും ശേഖരിക്കൽ<br>* ജ്യാമതീയ രൂപങ്ങൾ ഉപയോഗിച്ച ചിത്രങ്ങൾ /മോഡലുകൾ വരയ്ക്കൽ (നിർമ്മിക്കൽ)<br>* അളവുകളും തൂക്കങ്ങളും കൈകാര്യം ചെയ്യൽ<br>* ഊഹിച്ചു പറയൽ<br>* സമയവും തീയതിയും ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ | ജൂൺ - ജൂലൈ<br><br>ആഗസ്റ്റ് - ഒക്ടോബർ | SRG കൺവീനർ<br>ഗണിത ടീച്ചർ | |

**മേഖല : അക്കാദമികം** **ഉപമേഖല : ആരോഗ്യം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ആരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കുക | ആരോഗ്യ ശീലങ്ങളുടെ ക്ലാസ്സുകൾ | | | |
| * ആരോഗ്യകരമായ ഒരു സമൂഹത്തെ വളർത്തിയെടുക്കുക | * സെമിനാറുകൾ<br>* പോസ്റ്ററുകൾ<br>* വീഡിയോകൾ<br>* ചെക്ക് ലിസ്റ്റ്<br>* ഭക്ഷണശീലങ്ങൾ ബോധവത്ക്കരണ ക്ലാസ്സുകൾ<br>* സമീകൃത ആഹാരങ്ങളുടെ പട്ടിക ചിത്രങ്ങൾ പ്രദർശനം | ദീർഘകാലം | ഹെൽത്ത് ക്ലബ്ബ് | 2000/- |
| * ലഹരിവസ്തുക്കളുടെ ഉപയോഗനിർമ്മാർജ്ജനം | * ലഹരി വസ്തുക്കൾ നിർമ്മാർജ്ജന ബോധവത്ക്കരണ ക്ലാസ്സുകൾ<br>* സെമിനാറുകൾ<br>* പ്ലക്കാർഡുകൾ<br>* വീഡിയോ/ ചിത്രപ്രദർശനം | ദീർഘകാലം | ഹെൽത്ത് ക്ലബ്ബ് | 2000/- |

**മേഖല : അക്കാദമികം**

## കലവിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * കുട്ടികളിലെ സർഗാത്മക ശേഷി വികസിപ്പിക്കൽ | * നിലവിലുള്ള മികവുകൾ കണ്ടെത്തൽ<br>* പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പാക്കേജ് തയ്യാറാക്കൽ<br>* ശില്പശാലകൾ, ചിത്രം, അഭിനയം, രചനാ ശില്പശാല<br>* കലാകാരന്മാരുടെ ചിത്രങ്ങളും ജീവചരിത്രങ്ങളും ശേഖരിക്കൽ<br>* ചിത്ര പ്രദർശനം<br>* ICT ഉപയോഗിച്ച് മികച്ച ഭാവാഭിനയങ്ങൾ കാണിക്കുന്നു<br>* കഥകളി, ഓട്ടൻതുള്ളൽ കലാകാരന്മാരെ കൊണ്ട് ക്ലാസ്സ് നയിക്കുന്നു.<br>* സംഗീത ക്ലാസ്സ് & ഡാൻസ് ക്ലാസ്സ്<br>* സർഗ്ഗചുവർ | ജൂൺ-ജൂലൈ<br>ആഗസ്റ്റ് - സെപ്തംബർ<br>ഒക്ടോബർ - നവംബർ<br>ദീർഘകാലം | ക്ലാസ് ടീച്ചർ<br>കലാ-കായിക അധ്യാപകർ<br>ക്ലാസ് ടീച്ചർ<br>SRG<br>SRG, HM | 10000/-<br>500/-<br>5000/-<br>5000/- |

മേഖല : അക്കാദമികം

ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഒന്നു മുതൽ നാല് വരെ ക്ലാസിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫല പ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കൽ | * ഒന്നു മുതൽ നാല് വരെ പഠനത്തിന് സഹായകമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകർ | 500/- |
| * ഫീൽഡ് ട്രിപ്പ് | * തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, നിർമ്മിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ, ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ, ഉറപ്പായും നടത്തേണ്ട പരീക്ഷണങ്ങൾ എന്നിവയും ഉൾപ്പെടുത്തി പ്രിന്റ് ചെയ്യൽ | ആഗസ്റ്റ് - സെപ്തംബർ | അധ്യാപകർ / SRG | 500/- |
| * വാന നിരീക്ഷണം | * മിനി പ്ലാനറ്റേറിയം സന്ദർശനം | | SRG കൺവീനർ | |

| | | | | |
|---|---|---|---|---|
| | * ഒന്നു മുതൽ നാല് വരെ ക്ലാസ്സിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ<br>* ശാസ്ത്രസാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനുള്ളത് വാങ്ങൾ, രക്ഷിതാക്കളെ വായിപ്പിക്കൽ<br>* ICT ഉപയോഗിച്ച് ശാസ്ത്ര വിഷയങ്ങൾ അവതരിപ്പിക്കുന്നു. | | SRG കൺവീനർ<br>PEC കൺവീനർ | |
| * ഔഷധത്തോട്ടം<br>* ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ ചരിത്രങ്ങൾ ശേഖരിക്കൽ പതിപ്പിക്കൽ | * ഔഷധത്തോട്ട നിർമ്മാണം<br>* വേരുകൾ ശേഖരണം<br>* പരീക്ഷണസാമഗ്രികളും നിർമ്മാണ ശില്പശാല സ്കൂൾ പഠനോപകരണ നിർമ്മാണ ശില്പശാലയുടെ ഭാഗമായി രക്ഷകർത്താക്കൾ / എസ്.എസ്.ജി അധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കൽ | ദീർഘകാലം | PTA, HM ചുമതലപ്പെടുത്തുന്ന അധ്യാപകർ | |

**മേഖല: അക്കാദമികം** **ഉപമേഖല : കായികം (യോഗ)**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * കുട്ടികളുടെ ശാരീരിക മാനസികാരോഗ്യത്തെ വികസിപ്പിക്കുക<br>* ഏകാഗ്രത വർദ്ധിപ്പിക്കുക<br>* ജീവിതശൈലി രോഗങ്ങളെ അകറ്റുക<br>* ആത്മവിശ്വാസം വർദ്ധിപ്പിക്കുക.<br>* ചിട്ടയായ ജീവിതചര്യയെ പരിശീലിപ്പിക്കുക | * ആലോചനായോഗം SMC, SRG<br>* സാമ്പത്തികം കണ്ടെത്തൽ<br>* യോഗ പരിശീലകരെ കണ്ടെത്തൽ<br>* പരിശീലനത്തിന് സ്ഥലമൊരുക്കൽ<br>* സമയക്രമം<br>* ഉദ്ഘാടനം<br>* സൂംബ പരിശീലനം | ഹ്രസ്വകാലം<br>ദീർഘകാലം | കായികാധ്യാപകൻ,<br>SRG കൺവീനർ | പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, സാമൂഹികപ്രവർത്തകർ, സന്നദ്ധസംഘടനകൾ, അഭ്യുദയ കാംഷികൾ<br>PTA, SSG, MPTA |

## പ്രതീക്ഷിത നേട്ടങ്ങൾ

* നാലാം ക്ലാസ്സു കഴിയുന്ന എല്ലാ കുട്ടികളും ഭാഷയിലും ഇംഗ്ലീഷിലും വായനയിലും എഴുത്തിലും മികവു പുലർത്തുക.

* ഗണിതത്തിൽ അടിസ്ഥാനപരമായ എല്ലാ പഠനനേട്ടങ്ങളും ഉറപ്പാക്കുകയും ദൈനംദിന ജീവിതത്തിൽ പ്രയോഗിക്കാനുള്ള കഴിവു നേടുക.

* പരിസര സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പ്രകൃതിയുമായി ഇണങ്ങിജീവിക്കുന്നതിനുള്ള കഴിവുകൾ നേടുക.

* സർഗ്ഗവാസനകളെ ഉണർത്തി നല്ലൊരു വ്യക്തിത്വത്തിന്റെ ഉടമകളാക്കുക.

* മാനുഷിക മൂല്യമുള്ളവരും സമൂഹത്തിന് ഗുണം ചെയ്യുന്ന വ്യക്തികളായി മാറുക.

* ഇംഗ്ലീഷ് ഭാഷ അനായാസം സംസാരിക്കുന്നതിന് കഴിവ് നേടുക.

## ഉപസംഹാരം

വിദ്യാലയങ്ങൾ നാടിന് പ്രകാശം പരത്തുന്ന വഴിവിളക്കുകളാണ്. ഒരു അധ്യാപകന് ആയിരം ജയിലുകൾ പൂട്ടാനാകും. നാടിന്റെ വളർച്ച വിദ്യാലയങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഭൗതികവും അക്കാദമികവുമായ വളർച്ചയിലൂടെ മാത്രമേ നമ്മുടെ വിദ്യാലയത്തെ മുഖ്യധാരയിൽ എത്തിക്കാൻ കഴിയൂ. അതിനായി SMC തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാലയ വികസന സമിതികൾ, ക്ലബ്ബുകൾ, BRC, വിദ്യാഭ്യാസ ഓഫീസുകൾ തുടങ്ങിയ എല്ലാ മേഖലയിലും ഉൾപ്പെട്ട ആളുകളുടെ സഹകരണത്തോടുകൂടി മാത്രമേ വിദ്യാലയത്തെ സമ്പുഷ്ടമാക്കാൻ കഴിയൂ. നമ്മുടെ വിദ്യാലയത്തിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകി, വിദ്യാലയത്തിന്റെ പേരും പെരുമയും വാനോളം ഉയർത്തുന്നതിനായി എല്ലാ സന്മനസ്സുകളുടേയും സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഈ വികസന രേഖ നാടിനും നാട്ടുകാർക്കുമായി സമർപ്പിക്കുന്നു.

**"മെച്ചപ്പെട്ട വിദ്യാഭ്യാസം കുട്ടിയുടെ അവകാശം"**